(സി) ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കി ഈ സാമ്പത്തിക വർഷംതന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.

മണലൂർ ജലസേചന പദ്ധതി

97 (694) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജക മണ്ഡലത്തിൽപ്പെട്ട 4, 5 വാർഡ് ജലസേചന പദ്ധതി സംബന്ധിച്ച വിശദാംശം അറിയിക്കുമോ ;

(ബി) ഇത് സംബന്ധിച്ച് മൈനർ ഇറിഗേഷൻ ചീഫ് എഞ്ചിനീയർ ഓഫീസിൽ നിലവിലുള്ള ഡബ്ല്യു.1/എഫ്.എസ്./23107/10 നമ്പർ ഫയൽ സംബന്ധമായി നടപടികൾ ഏതു ഘട്ടത്തിലാണെന്നറിയിക്കുമോ ;

(സി) പദ്ധതിക്ക് എന്നേക്ക് അനുമതി നൽകാനാകുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) മണലൂർ നിയോജക മണ്ഡലത്തിൽപ്പെട്ട അന്തിക്കാട് ഗ്രാമ പഞ്ചായത്തിലെ 4,5 വാർഡിലെ ആവശ്യത്തിനായി 60 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ഏർപ്പെടുത്തുന്ന പദ്ധതിയാണിത്. ലിഫ്റ്റ് ഇറിഗേഷൻവഴി മേലെത്തട്ടിലുള്ള കനാലിൽനിന്നും വെള്ളം ശേഖരിച്ച് PVC പൈപ്പുവഴി പദ്ധതി പ്രദേശത്ത് വെള്ളം എത്തിക്കുന്നതിനുവേണ്ടിയാണ് ഈ ജലസേചന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) Ayacut map, കൃഷി ആഫീസറുടെ സർട്ടിഫിക്കറ്റ്, B.C. ratio, വില്ലേജ് ആഫീസറുടെ സർട്ടിഫിക്കറ്റ് എന്നിവ ഉൾപ്പെടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് നൽകാനായി ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമായാൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

തളിപ്പറമ്പ് മണ്ഡലത്തിൽ നടപ്പിലാക്കിയ ജലവിതരണ പദ്ധതികൾ

98 (695) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ ജലവിഭവവകുപ്പിനു കീഴിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് എന്നറിയിക്കുമോ ;

(ബി) ആയതിലേക്കായി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

1. കേരള വാട്ടർ അതോറിറ്റിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ വാട്ടർ സപ്ലൈ ഡിവിഷന്റെ പരിധിയിലുള്ള കൊളച്ചേരി ശുദ്ധജലവിതരണപദ്ധതിയുടെ 22 കിലോമീറ്ററോളം വരുന്ന എ.സി. ഗ്രാവിറ്റി മെയിൻ ഡി.ഐ. പൈപ്പാക്കി മാറ്റിയിടുന്ന പ്രവൃത്തി ഏറ്റെടുത്തു പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തി 17-4-2010-ൽ കമ്മീഷൻ ചെയ്തു. ഇതിന്റെ പ്രയോജനം തളിപ്പറമ്പ് മണ്ഡലത്തിൽ ഉൾപ്പെടുന്ന കൊളച്ചേരി, മയ്യിൽ, കുറ്റ്യാട്ടൂർ എന്നീ പഞ്ചായത്തുകളിൽ ലഭിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിലും കുറുമാത്തൂർ, ചപ്പാരപ്പടവ്, പട്ടുവം, പരിയാരം എന്നീ പഞ്ചായത്തുകളിലും 'ജൈക്ക' സഹായത്തോടെ നടപ്പിലാക്കുന്ന പട്ടുവം പദ്ധതിയുടെ ഭാഗമായി പണികൾ പുരോഗമിച്ചുവരുന്നു.

2. ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) കീഴിൽ തളിപ്പറമ്പ് മണ്ഡലത്തിൽ അഞ്ച് പ്രവൃത്തികൾ തുടങ്ങുകയും അതിൽ മൂന്ന് പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(1) മലബാർ പാക്കേജ് : മയ്യിൽ പഞ്ചായത്തിൽ നെല്ലിക്കപ്പാലം ബ്രിഡ്ജിന്റെ താഴെ ഭാഗത്ത് നെല്ലിക്കപ്പാലം തോടിനു കുറുകെ വി.സി.ബി.-കം-ട്രാക്ടർ വേ നിർമ്മാണം

(2) മലബാർ പാക്കേജ് : പട്ടുവം പഞ്ചായത്തിലെ കുളവയൽ തോടിന് കുറുകെ മണുക്കായിലെ ഉപ്പുവെള്ളം പ്രതിരോധ ബണ്ടിന്റെ പുനർ നിർമ്മാണം

(3) മലബാർ പാക്കേജ് : പരിയാരം പഞ്ചായത്തിലെ മാണുക്കാരയിൽ പൊടിക്കുള തോടിനു കുറുകെ ഉപ്പുവെള്ളം പ്രതിരോധ ബണ്ടു നിർമ്മാണം

(4) നബാർഡ് : ആർ.ഐ.ഡി.എഫ് XIII പട്ടുവം പഞ്ചായത്തിലെ പാറണ്ടൽ ഉപ്പു വെള്ളം പ്രതിരോധബണ്ട് നിർമ്മാണം.

(5) നബാർഡ് : ആർ.ഐ.ഡി.എഫ്. XIII പട്ടുവം പഞ്ചായത്തിലെ പോത്തടമുട്ടുകണ്ടിയിൽ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മാണം.

കൂടാതെ സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി കമ്പിൽക്കടവിനും നരിയാരി ക്രോസ്സ്ബാറിനും ഇടയിലായി വളപട്ടണം പുഴയുടെ കരയോര സംരക്ഷണത്തിനുവേണ്ടി 21.20 ലക്ഷം രൂപയുടെ ഒരു പ്രവൃത്തിയും വെള്ളപ്പൊക്ക കെടുതി നിവാരണം എന്നിവയിൽ ഉൾപ്പെടുത്തി 47.05 ലക്ഷം രൂപയുടെ അഞ്ചു പുഴയോര സംരക്ഷണ പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്.

(iii) ഭൂജല വകുപ്പിൻ കീഴിൽ തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ പതിമൂന്ന് പദ്ധതികൾ നടപ്പിലാക്കി. വിശദാംശം അനുബന്ധം I-ൽ ചേർത്തിട്ടുണ്ട്. *

(iv) ചീഫ് എഞ്ചിനീയർ പ്രോജക്ട് I-ന്റെ കീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ പദ്ധതികൾ ഒന്നും തുടങ്ങിയിട്ടില്ല. വാർഷിക അറ്റകുറ്റപണികൾ മാത്രമെ നടത്തിയിട്ടുള്ളൂ. വിശദാംശം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. *

(v) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം, പഴശ്ശി ജലസേചന പദ്ധതിയുടെ ആയക്കെട്ട് പ്രദേശത്തിൽ ഉൾപ്പെടുന്ന തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ കാഡ മുഖേന താഴെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട് :

1. ഫീൽഡ് ചാനൽ - കുറ്റ്യാട്ടൂർ പഞ്ചായത്ത് (2006-07)
2. ഫീൽഡ് ചാനൽ - കോഴിയോട്ട് (2006-07)
3. ഫീൽഡ് ചാനൽ - കരിമ്പുംകര (2007-08)
4. ഫീൽഡ് ചാനൽ-കാട്ടാമ്പള്ളി ബ്രാഞ്ച് കനാൽ (2008-09)

മേൽപ്പറഞ്ഞ 4 പ്രവൃത്തികൾക്കുംകൂടി ആകെ 16,89,939 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ചെലവഴിച്ച തുക

(i) കേരള വാട്ടർ അതോറിറ്റി	2,32,97,43,000
(ii) ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)	1,52,23,557
(iii) ഭൂജല വകുപ്പ്	22,74,100
(iv) ചീഫ് എഞ്ചിനീയർ പ്രോജക്ട് -I	22,89,478
(v) കാഡ	16,89,939
ആകെ	2,35,12,20,074

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ കനാലുകളുടെ നിർമ്മാണം

99 (696) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിൻകീഴിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ കനാലുകൾ നിർമ്മിക്കാനായി എത്ര ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട് ; ഇതിൽ കനാലുകൾ നിർമ്മിക്കാതെ എത്ര ഹെകടർ സ്ഥലം ബാക്കിയുണ്ട് ; ഇവ ഏതെല്ലാം പഞ്ചായത്തുകളിലാണെന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly